©
കേരള സർക്കാർ
Government of Kerala
2022

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE

## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 11<br>Vol. XI | തിരുവനന്തപുരം,<br>തിങ്കൾ<br>Thiruvananthapuram,<br>Monday | 2022 ആഗസ്റ്റ് 01<br>01st August 2022<br>1197 കർക്കടകം 16<br>16th Karkadakam 1197<br>1944 ശ്രാവണം 10<br>10th Sravana 1944 | നമ്പർ<br>No. 2522 |

GOVERNMENT OF KERALA

**Taxes (J) Department**

ORDER

G.O.(P) No.99/2022/TAXES.

*Dated, Thiruvananthapuram, 1st August, 2022*
*16th Karkadakam, 1197*

**S. R. O. No. 757/2022**

In exercise of the powers conferred by clause (a) subsection (1) of section 9 of the Kerala Stamp Act, 1959 (17 of 1959 ), the Government of Kerala, being of the opinion that, it is necessary in the public interest so to do, hereby remit the stamp duty chargeable under the said Act required for the

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

registration of land purchased by 1000 beneficiaries with the financial assistance of Chittilappilly Housing Scheme under the Life Mission project.

By order of the Governor,

Rajesh Kumar Singh IAS

*Additional Chief Secretary to Government*

**Explanatory Note**

(This does not form part of the order, but is intended to indicate its general purport.)

Payment of stamp duty and registration fees has been exempted as per G.O.(P)No.113/2020/TAXES and G.O.(P)No.114/2020/TAXES dated 8th September, 2020 for purchase of land to the beneficiaries of the Life Mission Project. In case it is impractical to buy land for all the eligible landless and homeless beneficiaries in the life beneficiary list, K.Chittilapilly Foundation has announced that it can provide financial assistance to 1000 beneficiaries at the rate of Rs.2.5 lakh per beneficiary. Accordingly, the Memorandum of understanding in this regard was signed on 30th December 2021. Since this Life Mission Project is under Chittilappilly Housing Scheme and the property is being purchased by the Life Mission beneficiary with the help of a third party, the Inspector General of Registration has requested Government to furnish clarification as to whether exemption from payment of stamp duty and registration fee can be granted in this case for the registration of the land as per the Government Orders related to the Life Mission Project. Government have examined the matter in detail and have decided to issue separate Government Order granting exemption from payment of stamp duty for the registration of land purchased by 1000 beneficiaries with the financial assistance of Chittilappilly Housing Scheme under the Life Mission Project, in public interest.

The order is intended to achieve the above object.

---

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2022

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2022.08.01 03:14:00 +05:30

©
കേരള സർക്കാർ
Government of Kerala
2022

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

| | | | |
|---|---|---|---|
| വാല്യം 11<br>Vol. XI | തിരുവനന്തപുരം,<br>തിങ്കൾ<br>Thiruvananthapuram,<br>Monday | 2022 ആഗസ്റ്റ് 01<br>01st August 2022<br>1197 കർക്കടകം 16<br>16th Karkadakam 1197<br>1944 ശ്രാവണം 10<br>10th Sravana 1944 | നമ്പർ<br>No. 2523 |

GOVERNMENT OF KERALA

**Taxes (J) Department**

ORDER

G.O.(P) No.100/2022/TAXES. *Dated, Thiruvananthapuram, 1st August, 2022*
*16th Karkadakam, 1197*

**S. R. O. No. 758/2022**

In exercise of the powers conferred by sub-section (2) of section 78 of the Registration Act, 1908 (Central Act XVI of 1908 ), the Government of Kerala, being of the opinion that, it is necessary in the public interest so to do, hereby remit the registration fees required for the registration of land

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

purchased by 1000 beneficiaries with the financial assistance of Chittilappilly Housing Scheme under the Life Mission Project.

By order of the Governor,
Rajesh Kumar Singh IAS
*Additional Chief Secretary to Government*

**Explanatory Note**

(This does not form part of the order, but is intended to indicate its general purport.)

Payment of Stamp duty and registration fees has been exempted as per G.O.(P)No.113/2020/TAXES and G.O.(P)No.114/2020/TAXES dated 8th September 2020 for the purchase of land to the beneficiaries of the Life Mission Project. In case it is impractical to buy land for all the eligible landless and homeless beneficiaries in the life beneficiary list, K.Chittilapilly Foundation has announced that it can provide financial assistance to 1000 beneficiaries at the rate of Rs.2.5 lakh per beneficiary. Accordingly, the Memorandum of understanding in this regard was signed on 30th December 2021. Since this Life Mission Project is under Chittilappilly Housing Scheme and the property is being purchased by the Life Mission beneficiary with the help of a third party, the Inspector General of Registration has requested Government to furnish clarification as to whether exemption from payment of stamp duty and registration fee can be granted in this case for the registration of the land as per the Government Orders related to the Life Mission Project. Government have examined the matter in detail and have decided to issue separate Government Order granting exemption from payment of registration fees for the registration of land purchased by 1000 beneficiaries with the financial assistance of Chittilappilly Housing Scheme under Life Mission Project, in public interest.

The order is intended to achieve the above object.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2022

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2022.08.01 03:15:26 +05:30

-63-

6378233

**രഹസ്യം**

## കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 27-07-2022**

ഫയൽ നം. ജെ1/103/2022/നി.വ. ഇനം നം: 958

വിഷയം : നികുതി വകുപ്പ് - രജിസ്ട്രേഷൻ - ലൈഫ് മിഷൻ പ്രോജക്റ്റിന് കീഴിൽ, ചിറ്റിലപ്പിള്ളി ഭവന പദ്ധതി പ്രകാരമുള്ള ധനസഹായത്തോടെ 1000 ഗുണഭോക്താക്കൾ വാങ്ങുന്ന ഭൂമിയുടെ രജിസ്ട്രേഷന് വേണ്ടി വരുന്ന മുദ്രവിലയും രജിസ്ട്രേഷൻ ഫീസും ഇളവ് നൽകുന്നത് സംബന്ധിച്ച് സ്പഷ്ടീകരണം ആവശ്യപ്പെട്ടു കൊണ്ടുള്ള രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ കത്ത് - സംബന്ധിച്ച്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. വി.പി. ജോയ്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, നികുതി വകുപ്പ്.

**കേരള സർക്കാർ**

**(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)**

**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1 | ഫയൽ നം. | ജെ1/103/2022/നി.വ |
| 2 | വകുപ്പ് | നികുതി (ജെ) വകുപ്പ് |
| 3 | വിഷയം<br>6378270 | നികുതി വകുപ്പ് - രജിസ്ട്രേഷൻ - ലൈഫ് മിഷൻ പ്രോജക്റ്റിന് കീഴിൽ, ചിറ്റിലപ്പിള്ളി ഭവന പദ്ധതി പ്രകാരമുള്ള ധനസഹായത്തോടെ 1000 ഗുണഭോക്താക്കൾ വാങ്ങുന്ന ഭൂമിയുടെ രജിസ്ട്രേഷന് വേണ്ടി വരുന്ന മുദ്രവിലയും രജിസ്ട്രേഷൻ ഫീസും ഇളവ് നൽകുന്നത് സംബന്ധിച്ച് സ്പഷ്ടീകരണം ആവശ്യപ്പെട്ടു കൊണ്ടുള്ള രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ കത്ത് - സംബന്ധിച്ച്. |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 19.07.2022 |
| 5 | (i) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii)സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യവകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | അതെ.<br>അതെ. |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ , ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | അതെ. |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീ.പ്രമോദ്.എം.വി |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ശ്രീ.രാജേഷ് കുമാർ സിംഗ് |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 22/07/2022 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.വി.പി.ജോയ് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 25/07/2022 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ. വി.എൻ.വാസവൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 25/07/2022 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 26/07/2022 |
| 15 | മന്ത്രിസഭാ യോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവിന്റെ/കത്തിന്റെ നമ്പരും തീയതിയും | |

# മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്

ലൈഫ് മിഷൻ പ്രോജക്ടിന് കീഴിൽ, ചിറ്റിലപ്പിള്ളി ഭവന പദ്ധതി പ്രകാരമുള്ള ധനസഹായത്തോടെ 1000 ഗുണഭോക്താക്കൾ വാങ്ങുന്ന ഭൂമിയുടെ രജിസ്ട്രേഷന് വേണ്ടി വരുന്ന മുദ്രവിലയും രജിസ്ട്രേഷൻ ഫീസും ഇളവ് നൽകുന്നത് സംബന്ധിച്ച് സ്പഷ്ടീകരണം ആവശ്യപ്പെട്ട കൊണ്ടുള്ള രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിന്റെ കത്ത് സംബന്ധിച്ചുള്ളതാണീ കുറിപ്പ്.

2) ലൈഫ് മിഷൻ ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങുന്നതിന് 08.09.2020 തീയതിയിലെ GO(P)No.113/2020/TAXES, G.O(P)No.114/2020/TAXES എന്നീ ഉത്തരവുകൾ പ്രകാരം മുദ്രവിലയും ഫീസും ഇളവ് നൽകിയിട്ടുണ്ടെന്നും ലൈഫ് ഗുണഭോക്തൃ പട്ടികയിൽപ്പെട്ട അർഹരായ മുഴുവൻ ഭൂരഹിത ഭവന രഹിത ഗുണഭോക്താക്കൾക്കും ഭൂമി വാങ്ങി നൽകുന്നത് അപ്രായോഗികമായ സാഹചര്യത്തിൽ കെ.ചിറ്റിലപ്പിള്ളി ഫൗണ്ടേഷൻ ഒരു ഗുണഭോക്താവിന് 2.5 ലക്ഷം രൂപ നിരക്കിൽ 1000 ഗുണഭോക്താക്കൾക്ക് ധനസഹായം ലഭ്യമാക്കാമെന്ന് അറിയിച്ചുവെന്നും ആയതു പ്രകാരം 30.12.2021 ന് ധാരണാപത്രം ഒപ്പ് വെച്ചുവെന്നും എന്നാൽ ലൈഫ് മിഷൻ, ചിറ്റിലപ്പിള്ളി ഭവന പദ്ധതി പ്രകാരം ധന സഹായം നൽകുമ്പോൾ ആധാരങ്ങളിൽ ടി വിവരം ചേർത്താൽ ടി ഉത്തരവ് പ്രകാരമുള്ള ഇളവ് നൽകാതെ എറണാകുളം ജില്ലയിലെ ചില സബ് രജിസ്ട്രാർ ഓഫീസുകളിൽ നിന്നും ലൈഫ് മിഷൻ ഗുണഭോക്താക്കളോട് മുദ്രവിലയും ഫീസും ആവശ്യപ്പെടുന്നുവെന്നും ആയത് ടി ഉത്തരവുകളുടെ ലംഘനമായതിനാൽ അടിയന്തിര ഇടപെടൽ ഉണ്ടാകണമെന്ന് ലൈഫ് മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ അറിയിച്ചിരിക്കുന്നുവെന്ന് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ റിപ്പോർട്ട് ചെയ്തിരിക്കുന്നു.

3) 08.09.2020 തീയതിയിലെ G.O(P) No.113/2020/TAXES(SRO.No.568/2020), G.O(P) No.114/2020/TAXES (SRO.No.569/2020) എന്നീ ഉത്തരവുകളിൽ "hereby remit the stamp duty/fees chargeable under the said Act, the registration of land purchased by the Local Self Government Institutions for the Life Mission Project and for the registration of land purchased by the landless - homeless beneficiaries of Life Mission Project with the aid of Local Self Government Institutions" എന്നാണ് ഉത്തരവായിരിക്കുന്നത്.

4) എന്നാൽ 03.06.2019 ലെ G.O(P) No.83/2019/TD (SRO.No.403/2019), G.O(P)No.84/2019/TD(SRO.No.396/2019) എന്നിവയിൽ "hereby remit the stamp duty/fee payable under the said Act, for the registration of land to be purchased by individuals as their own without the Government grant under the Life Mission Project" എന്നാണ് ഉത്തരവായിരിക്കുന്നത്.

5) ചിറ്റിലപ്പിള്ളി ഭവന പദ്ധതി പ്രകാരം എന്ന് പ്രസ്താവിച്ചിട്ടുള്ളതിനാലും മൂന്നാം കക്ഷിയുടെ സഹായത്തോടെ ലൈഫ് മിഷൻ ഗുണഭോക്താവ് വാങ്ങുന്ന വസ്തു ആയതിനാലും ടി വസ്തുവിന്റെ ആധാര രജിസ്ട്രേഷന്, ലൈഫ് മിഷൻ പ്രോജക്ടിന് മുദ്രവിലയിലും രജിസ്ട്രേഷൻ ഫീസിലും ടി ഉത്തരവുകൾ പ്രകാരം അനുവദിച്ചിട്ടുള്ള ഇളവുകൾ നൽകാവുന്നതാണോ എന്നതിൽ സ്പഷ്ടീകരണം നൽകണമെന്ന് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറൽ അറിയിച്ചിരിക്കുന്നു.

6) 1959 ലെ കേരള മുദ്രപത്ര നിയമം 9(1)(a) വകുപ്പ് പ്രകാരവും 1908 ലെ രജിസ്ട്രേഷൻ ആക്ട് 78(2) വകുപ്പ് പ്രകാരവും പൊതു താൽപര്യാർത്ഥം ആവശ്യമെന്നു കണ്ടാൽ സർക്കാരിന് യഥാക്രമം മുദ്രവിലയിലും രജിസ്ട്രേഷൻ ഫീസിലും ഇളവുകൾ അനുവദിക്കാവുന്നതാണ്.

7) നിയമ വകുപ്പ് ഇക്കാര്യത്തിൽ ചുവടെ ചേർക്കും പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്

"I.G.R ന്റെ 7.2.2022 തീയതിയിലെ കത്തിൽ പരാമർശിച്ചിട്ടുള്ള സർക്കാർ ഉത്തരവുകൾ ചിറ്റിലപ്പള്ളി ഭവന പദ്ധതി പ്രകാരം ഭൂമി വാങ്ങുന്നതിനുള്ള സ്റ്റാമ്പ് ഡ്യൂട്ടി ഇളവുകൾക്ക് ബാധകമല്ല എന്നതിനാൽ ടി പദ്ധതിയിലേക്ക് ഭൂമി വാങ്ങുന്നതിനുള്ള പൊതു താൽപര്യം കണക്കിലെടുത്തുകൊണ്ടും ഇത് ഒരു പ്രത്യേക കേസായി പരിഗണിച്ചുകൊണ്ടും ഉചിത തലത്തിലുള്ള തീരുമാനത്തിലൂടെ ഇളവ് അനുവദിക്കുന്ന കാര്യം പരിഗണിക്കുന്നതിൽ നിയമ തടസ്സമില്ല".

8) ധനകാര്യ വകുപ്പ് ഇക്കാര്യത്തിൽ ചുവടെ ചേർക്കും പ്രകാരം അഭിപ്രായപ്പെട്ടിട്ടുണ്ട്

"ചിറ്റിലപ്പള്ളി ഭവന പദ്ധതി ഒരു സർക്കാർ പദ്ധതി അല്ലാത്തതിനാൽ ഫയലിൽ പരാമർശിക്കുന്ന 1000 കേസുകളിലും മുദ്രവിലയിലും രജിസ്ട്രേഷൻ ഫീസിലും മൊത്തത്തിലുള്ള ഒഴിവാക്കൽ അനുവദിക്കാൻ കഴിയില്ല എന്നും , എന്നാൽ ഓരോ കേസും ലൈഫ് മിഷൻ പദ്ധതിക്ക് കീഴിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണത്തിനാണ് എന്ന് ജില്ലാ കളക്ടറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ GO(P)No.83/2019/TD(SRO.No.403/2019), GO(P)No.84/2019/TD(SRO.No.396/2019) പ്രകാരമുള്ള ഇളവ് അനുവദിക്കാവുന്നതാണ് എന്നും ഭരണ വകുപ്പിനെ അറിയിക്കുന്നു."

9) ചുവടെ ചേർത്തിരിക്കുന്നവയിൽ ഉത്തരവിനായി ഫയൽ ചംക്രമണം ചെയ്തപ്പോൾ,

ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ചിറ്റിലപ്പള്ളി ഭവന പദ്ധതി ഒരു സർക്കാർ പദ്ധതി അല്ലാത്തതിനാൽ ഫയലിൽ പരാമർശിക്കുന്ന 1000 കേസുകളിലും മുദ്രവിലയിലും രജിസ്ട്രേഷൻ ഫീസിലും മൊത്തത്തിലുള്ള ഒഴിവാക്കൽ അനുവദിക്കാൻ കഴിയില്ല എന്നും , എന്നാൽ ഓരോ കേസും ലൈഫ് മിഷൻ പദ്ധതിക്ക് കീഴിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണത്തിനാണ് എന്ന് ജില്ലാ കളക്ടറുടെ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ

GO(P)No.83/2019/TD (SRO.No.403/2019), GO(P)No.84/2019/TD (SRO.No.396/2019) പ്രകാരമുള്ള ഇളവ് അനുവദിക്കാവുന്നതാണെന്ന് രജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലിനെ അറിയിക്കണമോ?

അതോ,

നിയമവകുപ്പിന്റെ അഭിപ്രായ പ്രകാരം, ചിറ്റിലപ്പള്ളി ഭവന പദ്ധതി പ്രകാരം 1000 ഗുണഭോക്താക്കൾക്ക് കൈമാറുന്ന ഭൂമിയുടെ രജിസ്ട്രേഷന് വേണ്ടി വരുന്ന മുദ്രവിലയും രജിസ്ട്രേഷൻ ഫീസും പ്രത്യേക കേസായി പരിഗണിച്ച് ഒഴിവാക്കി നൽകുന്ന വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കണമോ?

ബഹു.സഹകരണവും രജിസ്ട്രേഷനും, സാംസ്കാരികവും വകുപ്പ് മന്ത്രി ചുവടെ ചേർക്കും പ്രകാരം നിർദ്ദേശിച്ചു.

"ബഹു.മുഖ്യ മന്ത്രി ദയവായി കണ്ടാലും."

10) ഇക്കാര്യം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹു: മുഖ്യമന്ത്രി ഉത്തരവായിട്ടുണ്ട്.

## **<u>തീരുമാനിക്കേണ്ട വിഷയം</u>**

ധനകാര്യവകുപ്പിന്റെ അഭിപ്രായം മറികടന്ന് കൊണ്ട് ലൈഫ് മിഷൻ പ്രോജക്റ്റിന് കീഴിൽ, ചിറ്റിലപ്പിള്ളി ഭവന പദ്ധതി പ്രകാരമുള്ള ധനസഹായത്തോടെ 1000 ഗുണഭോക്താക്കൾ വാങ്ങുന്ന ഭൂമിയുടെ രജിസ്ട്രേഷന് വേണ്ടി വരുന്ന മുദ്രവിലയും രജിസ്ട്രേഷൻ ഫീസും പ്രത്യേക കേസായി പരിഗണിച്ച് ഒഴിവാക്കി നൽകാമോ ?